(ബി) 1997-1998-ൽ 92 കുഴൽ കിണറുകളും 1998-1999-ൽ 42 കുഴൽ കിണറുകളും 16 ഫിൽറ്റർ പോയിന്റ് വെല്ലുകളും ഭൂജലവകുപ്പ് നിർമ്മിക്കുകയുണ്ടായി. കൂടാതെ 1997-1998-ൽ 19 കുഴൽ കിണറുകളും 1998-1999-ൽ 11 കുഴൽ കിണറുകളും വാട്ടർ അതോറിറ്റി നിർമ്മിക്കുകയുണ്ടായി.

(സി) ഭൂജലവകുപ്പ് ഇത്തരം പദ്ധതികളൊന്നും ഏറ്റെടുത്തിരുന്നില്ല. വാട്ടർ അതോറിറ്റി 1997-1998, 1998-1999 വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ ഏറ്റെടുത്ത പദ്ധതികൾ താഴെപ്പറയുന്ന പ്രകാരമാണ്.

വർഷം	പ.ജ./പ.വ. പദ്ധതി	പൊതുവായവ
1997-1998	20	ഇല്ല
1998-1999	ഇല്ല	1

(ഡി & ഇ) 1997-1998-ൽ 19 എണ്ണം പൂർത്തിയാക്കി പദ്ധതിയ്ക്കാവശ്യമായ വസ്തുവിന്റെ ഉടമയുടെ സമ്മതം ലഭിക്കുവാൻ വൈകിയതിനാൽ ഒരെണ്ണം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. 1998-1999-ൽ ഏറ്റെടുത്ത പദ്ധതി 2000-മാണ്ടിലാണ് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

വേട്ടാഞ്ചിറ ശുദ്ധജല വിതരണ പദ്ധതി

76 (1988) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം മണ്ഡലത്തിലെ വേട്ടാഞ്ചിറ ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയിൽ ഇനി എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇതിന്റെ നിർമ്മാണ പ്രവർത്തനം 90% പൂർത്തീകരിച്ചു. ഇപ്പോൾ ട്രയൽ റണ്ണിംഗ് നടന്നു വരുന്നു.

(ബി) 1999 ആഗസ്റ്റ് മാസത്തിൽ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പൈപ്പ് ലൈനിന്റെ ഗ്യാപ്പ് കണക്ഷൻ വർക്കുകളും, പൊതുടാപ്പുകൾ ഘടിപ്പിക്കുന്ന പണികളും ലീക്ക് നിവാരണ പണികളും പൂർത്തീകരിക്കുവാനുണ്ട്.

കല്ലട ജലസേചന പദ്ധതിയിലെ ആർബിട്രേഷൻ

77 (1989) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ജലസേചനപദ്ധതിയിൽ ആർബിട്രേഷനും അഡീഷണൽ വർക്കും എന്നാണ് നിറുത്തലാക്കിയത് ;

LIBRARY ARCHIVES Kerala Legislative Assembly